"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ചുനങ്ങാട് എ വി എം ഹയർ സെക്കന്ററി സ്കൂളിലെ 2019-20 തസ്തികനിർണ്ണയത്തിന്മേൽ സൂപ്പർ ചെക്ക് പരിശോധനയിൽ കണ്ടെത്തിയ ബോഗസ് അഡ്മിഷൻ ഒഴിവാക്കി പൊതു വിദ്യാഭ്യാസ ഡയറക്ടർ തസ്തിക പുനർനിർണ്ണയം നടത്തിയതിനെതിരെ ടി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1358/2022/GEDN തീയതി,തിരുവനന്തപുരം, 05-03-2022

---

പരാമർശം:-
1. പാലക്കാട് ചുനങ്ങാട് എ വി എം ഹയർ സെക്കന്ററി സ്കൂൾ മാനേജരുടെ 06/10/2021 തീയതിയിലെ പുന പരിശോധനാ ഹർജി.
2. കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ഓഫീസറുടെ 17/01/2021-ലെ എസ്സ് സി /28/2020-കെ.കെ.ഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പാലക്കാട് ചുനങ്ങാട് എ വി എം ഹയർ സെക്കന്ററി സ്ക്കുളിൽ 2019-20 തസ്തികനിർണ്ണയത്തിന്മേൽ സൂപ്പർ ചെക്ക് പരിശോധനയിൽ കണ്ടെത്തിയ ബോഗസ് അഡ്മിഷൻ ഒഴിവാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ തസ്തിക പുനർനിർണ്ണയം നടത്തിയതിനെതിരെ ടി സ്കൂൾ മാനേജർ പരാമർശം1 പ്രകാരം സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി റിപ്പോർട്ടിനായി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് കൈമാറുകയും ആയതിന് കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ഓഫീസർ വഴി പരാമർശം 2 പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

2. ടി റിപ്പോർട്ട് പിരിശോധിച്ചതിൽ,
പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം വിദ്യാഭ്യാസ ജില്ലയിൽപ്പെട്ട ചുനങ്ങാട് എ.വി.എം. ഹയർ സെക്കന്റി സ്ക്കുളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം 21 ക്ലാസ്സ് ഡിവിഷനുകളും അനുബന്ധ തസ്തികയും അനുവദിച്ചു കൊണ്ട് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ പൂർത്തിയാക്കിയതായും ടി സ്കൂളിൽ 2019-20 വർഷത്തിൽ കൃത്രിമ അഡ്മിഷനുകൾ ചേർത്താണ് ഡിവിഷനുകളും തസ്തികയും അനുവദിച്ചതെന്ന പരാതിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് സൂപ്പർ ചെക്ക് സെൽ സ്കുളിന്റെ തസ്തിക നിർണ്ണയം പരിശോധിക്കുന്നതിനായി 10/10/19, 16/01/2020 തീയ്യതികളിൽ സ്കൂളിൽ സന്ദർശനം നടത്തി പരിശോധന നടത്തുകയുണ്ടായെന്നും സൂപ്പർ ചെക്ക് സെല്ലിന്റെ ആദ്യപരിശോധനയിൽ റോളിലുള്ള 97 വിദ്യാർത്ഥികൾ ഹാജരുണ്ടായിരുന്നില്ലെന്നും ആദ്യപരിശോധനയിൽ ഹാജരില്ലാത്ത 97 വിദ്യാർത്ഥികളുടെ ക്ലാസ്സുകളിലെ സാന്നിധ്യം പരിശോധിക്കുന്നതിനായി സൂപ്പർ ചെക്ക് സെൽ 16//01/2020 വീണ്ടും

സന്ദർശനം നടത്തുകയുണ്ടായെന്നും സൂപ്പർ ചെക്ക് സെല്ലിന്റെ അന്തിമ പരിശോധനയിൽ സ്കൂളിൽ 23 കൃത്രിമ അഡ്മിഷനുകൾ ഉണ്ടെന്ന് സൂപ്പർ ചെക്ക് സെൽ കണ്ടെത്തുകയും കെ.ഇ.ആർ അദ്ധ്യായം 23 റൂൾ 16 അനുസരിച്ച് വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കുകയുണ്ടായെന്നും സൂപ്പർ ചെക്ക് ഓഫീസറുടെ റിപ്പോർട്ട് പരിശോധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ ടി സ്കൂളിലെ 23 കൃത്രിമ അഡ്മിഷനുകൾ ഒഴിവാക്കിക്കൊണ്ട് സ്കൂളിന്റെ തസ്തിക പുനർ നിർണ്ണയിക്കുമെന്നും ഇക്കാര്യത്തിൽ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് 15 ദിവസത്തിനകം അറിയിക്കണമെന്നും കാണിച്ച കൊണ്ട് 22/07/2020-ന് സ്കൂൾ അധികാരികൾക്ക് നോട്ടീസ് നൽകിയെന്നും തുടർന്ന് 21/10/2020 ന് നടത്തിയ ഓൺലൈൻ കൂടിക്കാഴ്ചയിൽ സ്കൂൾ അധിക്ൃതരും ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികളും സമർപ്പിച്ച വാദങ്ങൾ പരിശോധിച്ചതിൽ,

ടി സ്കൂളിൽ 643 വിദ്യാർത്ഥികളാണ് ആറാമത്തെ പ്രവൃത്തി ദിവസം റോളിലുണ്ടായിരുന്നത്. സൂപ്പർ ചെക്ക് സെല്ലിന്റെ ആദ്യ സന്ദർശന ദിവസം 97 വിദ്യാർത്ഥികൾ ഹാദജരുണ്ടായിരുന്നില്ല. ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം 11 വിദ്യാർത്ഥികളെ റോളിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. അതിൽ 9 വിദ്യാർത്ഥികൾ 9-ാം ക്ലാസ്സിൽ നിന്നും ഒരോ വിദ്യാർത്ഥികളെ 6,8 ക്ലാസ്സുകളിൽ നിന്നുമാണ് നീക്കം ചെയ്തത്. സൂപ്പർ ചെക്ക് സെല്ലിന്റെ 2-ാമത്തെ പരിശോധനയിലും 12 വിദ്യാർത്ഥികൾ ഹാജരുണ്ടായിരുന്നില്ല. ഈ വിദ്യാർഥികളെ സംബന്ധിച്ച അന്വേഷണത്തിൽ സ്കൂളിൽ 8,9 ക്ലാസ്സുകളിൽ ഓരോ ഡിവിഷൻ സൃഷ്ടിക്കാൻ വേണ്ടി ഇവർക്ക് കൃത്രിമ അഡിമിഷൻ നൽകിയതാണെന്നാണ് സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയിട്ടുണ്ട്. അതോടൊപ്പം ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം വിടുതൽ നൽകിയ 11 വിദ്യാർത്ഥികളിൽ 6 ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥികൾക്കും മയിലുംപാറ ഇസ്ലാമിക് സെൻട്രൽ സ്കൂൾ എന്ന അൺഎയ്ഡഡ് സ്ഥാപനത്തിലേക്കാണ് ടി സി നൽകിയിട്ടുള്ളത്. ഈ വിദ്യാർത്ഥികളിൽ 5 പേർക്കും 2019-20 വർഷത്തിലാണ് ചുനങ്ങാട്ട് എ.വി.എം. ഹയർ സെക്കന്ററി സ്കൂളിൽ പ്രവേശനം നല്കിയത് എന്നതിനാൽ ഒമ്പതാം ക്ലാസ്സിൽ ഒരു അധിക ഡിവിഷൻ അനുവദിക്കാൻ ഈ വിദ്യാർത്ഥികൾക്ക് കൃതിമ അഡ്മിഷൻ നല്കിയതാണെന്ന് വ്യക്തമാണ്. അതോടൊപ്പം സൂപ്പർ ചെക്ക് പരിശോധനയിൽ 12 വിദ്യാർത്ഥികൾ 2 ദിവസവും ഹാജരില്ലായിരുന്നു. ഈ വിദ്യാർത്ഥികളെ സംബന്ധിച്ച് സൂപ്പർ ചെക്ക് നടത്തിയ അന്വേഷണത്തിലും ഈ വിദ്യാർത്ഥികളെ 8, 9 ക്ലാസ്സുകളിൽ അധിക ഡിവിഷനും തസ്തികകളും സൃഷ്ടിക്കാൻ വേണ്ടി സ്കൂളിൽ കൃത്രിമ അഡ്മിഷൻ നൽകിയതാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ടെന്നും കൃത്രിമമാണെന്ന് കണ്ടെത്തിയ ടി അഡ്മിഷനുകൾ യഥാർത്ഥത്തിലുള്ളതാണെന്ന് തെളിയിക്കുന്നതിനു വേണ്ട യാതൊരു രേഖയും നോട്ടിസിനുള്ള മറുപടിയോടൊപ്പമോ വാദം കേൾക്കൽ സമയത്തോ സ്കൂൾ അധികൃതർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചുനങ്ങാട് എ.വി.എം ഹയർ സെക്കന്ററി സ്കൂളിന്റെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം 23 കൃത്രിമ അഡ്മിഷനുകൾ റോളിൽ നിന്നും ഒഴിവാക്കി കെ.ഇ.ആർ ആധ്യായം 23 റൂൾ 12 ഇ(3), റൂൾ 16 എന്നിവ അനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 8/9/2021 തീയതിയിലെ എസ്.സി/28//2020/കെ.കെ.ഡി നമ്പർ ഉത്തരവിലൂടെ പുനർനിർണ്ണയിക്കുകയുണ്ടായി. അതനുസരിച്ച് സ്കൂളിലെ 8,9 ക്ലാസ്സുകളിൽ ഓരോ ഡിവിഷനുകൾ റദ്ദാക്കുകയും അനുബന്ധ തസ്തികകൾ റദ്ദാക്കി തസ്തികയിൽ ജോലി ചെയ്യുന്നവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനും ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം

നൽകിയിട്ടുണ്ട്. അതോടൊപ്പം സ്കൂളിൽ കൃത്രിമ അഡ്മിഷനുകൾ നൽകി അനധികൃത ഡിവിഷനും തസ്തികയും നേടിയെടുത്ത വകയിൽ സർക്കാരിനുണ്ടായ അധികബാധ്യത സ്കൂൾ പ്രധാനാദ്ധ്യാപകനിൽ നിന്നും ക്ലാസ്സദ്ധ്യാപകരിൽ നിന്നും അച്ചടക്കനടപടിയുടെ ഭാഗമായി ഈടാക്കാൻ പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

എന്നാൽ സൂപ്പർ ചെക്ക് സെല്ലിന്റെ 2 പരിശോധനയിലും 12 വിദ്യാർത്ഥികൾ ഹാജരുണ്ടായിരുന്നില്ല. ഇവരിൽ ചില വിദ്യാർത്ഥികൾ ഇപ്പോൾ സ്കൂളിൽ തുടർന്ന് പഠിക്കുന്നുണ്ടെന്നാണ് സ്കൂൾ മാനേജർ അറിയിച്ചിട്ടുള്ളത്. രണ്ട് പ്രാവശ്യവും ഹാജരില്ലാത്ത ടി വിദ്യാർത്ഥികളുടെ കാര്യം സംബന്ധിച്ച് സർക്കാരിൽ നിന്നും അനുമതിയോടെ ഒരു പരിശോധന കൂടി നടത്തി തീരുമാനമെടുക്കാവുന്നതാണെന്നും കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ഓഫീസർ നിർദ്ദേശിച്ചിട്ടുണ്ട്.

മദ്രസ്സകളിലും ആരാധനാലയങ്ങളുടെ ഭാഗമായുള്ള സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ പല എയ്ഡഡ് സ്കൂളുകളിലും റോളിൽ ഉൾപ്പെടുത്തി, എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുപ്പിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ഈ വിദ്യാർത്ഥികൾ മദ്രസ്സകളിലും ആരാധനാലയങ്ങളോട് അനുബന്ധിച്ച സ്കൂളുകളിലും മാത്രമാണ് പഠിക്കുന്നതെന്നും ഇവർ എയ്ഡഡ് സ്കൂളുകളിൽ ഹാജരാകാതെ എസ്.എസ്.എൽ. സി പരീക്ഷയിൽ മാത്രമാണ് പങ്കെടുക്കുന്നതെന്നും അപ്രകാരം ടി സ്കൂളിൽ ഒമ്പതാം ക്ലാസിൽ പഠിക്കുന്ന ആറു കുട്ടികളെ ഈ രീതിയിൽ ചേർത്തിട്ടുള്ളതാണെന്ന് സൂപ്പർ ചെക്ക് സെൽ കണ്ടെത്തിയിട്ടുണ്ടെന്നും ആയതിനാൽ റോളിൽ നിന്നും നീക്കം ചെയ്ത വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ഡിവിഷനുകളും തസ്തികകളും സൃഷ്ടിക്കാൻ കഴിയില്ലെന്നും അധിക തസ്തികകൾക്ക് അർഹതയില്ലാത്ത സ്ക്കൂളുകളിൽ നിന്നോ മദ്രസ്സകളിൽ നിന്നോ രക്ഷിതാക്കളുടെയോ കുട്ടികളുടെയോ അറിവില്ലാതെ ആറാം പ്രവൃത്തിദിവസത്തിനു മുമ്പ് കുട്ടികളുടെ വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങുകയോ അവരെ റോളിൽ ചേർത്ത് അനധികൃതമായി ഹാജർ നൽകിയ ശേഷം ആറാം പ്രവൃത്തി ദിവസത്തിനു ശേഷം പഴയ സ്കൂളിലേക്കു തന്നെ ടി സി നൽകിക്കൊണ്ട് പല സ്കൂളുകളിൽ കൃത്രിമം നടക്കുന്നുണ്ടെന്നും, ഇത്തരത്തിൽ ആറാമത്തെ പ്രവൃത്തിദിവസത്തിനു മുമ്പേയുള്ള വിടുതലുകൾ അതത് വിദ്യാഭ്യാസ ഓഫീസർമാരേയും പൊതു വിദ്യാഭ്യാസ ഡയറക്ടർമാരേയും അറിയിക്കണമെന്നും ഇത്തരത്തിലുള്ള വിടുതൽ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ക്രമപ്രകാരമല്ലാത്ത വിടുതലുകളാണെങ്കിൽ കെ.ഇ. ആർ അധ്യായം 23 റൂൾ 15 അനുസരിച്ച് വിദ്യാഭ്യാസ ഓഫീസർമാർ തസ്തിക പുനർ നിർണ്ണയം നടത്തി അനധികൃതമായി അനുവദിച്ച തസ്തികകൾ റദ്ദാക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/6/18 തീയതിയിലെ എച്ച് (2) 21500/2018/ഡി.പി.ഐ. നമ്പർ സർക്കുലറിലൂടെ മുഴുവൻ വിദ്യാഭ്യാസ ഓഫീസർക്കും പ്രധാനാദ്ധ്യാപകർക്കും നിർദ്ദശം നൽകിയിട്ടുണ്ടെന്നും ടി സ്കൂളിൽ ആറാമത്തെ പ്രവൃത്തിദിവസത്തിനു ശേഷമുള്ള വിടുതലുകൾ ഒറ്റപ്പാലം ഡി.ഇ.ഒ-യെ അറിയിച്ചതായി സ്ക്കൂൾ പ്രധാനാദ്ധ്യാപകൻ അറിയിച്ചിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച നടപടികളൊന്നും ഒറ്റപ്പാലം ഡി.ഇ.ഒ സ്വീകരിച്ചിട്ടില്ലെന്നും അതോടൊപ്പം സ്കൂളിൽ അനധികൃതമായി ഡിവിഷനുകളും തസ്തികകളും ഉണ്ടാക്കാൻ കൃത്രിമ അഡ്മിഷൻ സൃഷ്ടിച്ചു എന്ന കാര്യം ബോദ്ധ്യപ്പെട്ടതിനാൽ സ്ക്കൂൾ പ്രധാനാദ്ധ്യാപകനെതിരേയും ക്ലാസ്സ് അദ്ധ്യാപകർക്കെതിരെയും കേരള വിദ്യാഭ്യാസ

ചട്ടം 1958 സെക്ഷൻ 12 എ അനുസരിച്ച് അച്ചടക്ക നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും നിയമിക്കപ്പെട്ട അദ്ധ്യാപകനെ റോളിൽ നിന്നും നീക്കിയതു കൊണ്ടു മാത്രം അച്ചടക്ക നടപടിയിൽ ഇളവ് വരുത്താൻ കഴിയാത്തതാണെന്നും ടി സാഹചര്യത്തിൽ ചുനങ്ങാട് എ.വി.എം. ഹൈസ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി അംഗീകരക്കാൻ കഴിയാത്ത സാഹചര്യത്തിൽ നിരസിച്ച് ഉത്തരവാകുന്നതാണെന്നും കോഴിക്കോട് സൂപ്പർ ചെക്ക് സെൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം പരാമർശം 2 റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നത് 2 019-20 വർഷം 8,9 ക്ലാസ്സുകളിൽ ഓരോ അധിക ഡിവിഷൻ സൃഷ്ടിക്കാൻ വേണ്ടി ടി സ്കൂളിൽ 23 കൃത്രിമ അഡിമിഷൻ ചേർത്തിട്ടുണ്ട്. ഇതിൽ ആറാമത്തെ പ്രവൃത്തി ദിവസത്തിനു ശേഷം റോളിൽ നിന്നും നീക്കം ചെയ്ത 11 വിദ്യാർത്ഥികളും സൂപ്പർ ചെക്ക് സെല്ലിന്റെ രണ്ട് പരിശോധനയിലും ഹാജരാകാതിരുന്ന 12 വിദ്യാർത്ഥികളും ഉൾപ്പെടുന്നു. ആയതിനാൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയം 23 കൃത്രിമ അഡ്മിഷനുകൾ റോളിൽ നിന്നും ഒഴിവാക്കി കെ.ഇ.ആർ അദ്ധ്യായം 23 റൂൾ 12 ഇ(3), റൂൾ 16 എന്നിവ അനുസരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 8/9/2021 തീയതിയിലെ എസ്.സി/28//2020/കെ.കെ.ഡി നമ്പർ ഉത്തരവിലൂടെ പുനർനിർണ്ണയിച്ചിട്ടുണ്ട്. അതനുസരിച്ച് സ്കൂളിലെ 8,9 ക്ലാസ്സുകളിൽ ഓരോ ഡിവിഷനുകൾ റദ്ദാക്കുകയും അനുബന്ധ തസ്തികകൾ റദ്ദാക്കി തസ്തികയിൽ ജോലി ചെയ്യുന്നവരെ സർവ്വീസിൽ നിന്നും നീക്കം ചെയ്യാനും ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം സ്കൂളിൽ കൃത്രിമ അഡ്മിഷനുകൾ നൽകി അനധികൃത ഡിവിഷനും തസ്തികയും നേടിയെടുത്ത വകയിൽ സർക്കാരിനുണ്ടായ അധികബാധ്യത സ്കൂൾ പ്രധാനാദ്ധ്യാപകനിൽ നിന്നും ക്ലാസ്സദ്ധ്യാപകരിൽ നിന്നും അച്ചടക്കനടപടിയുടെ ഭാഗമായി ഈടാക്കാൻ പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

സൂപ്പർ ചെക്ക് സെല്ലിന്റെ 2 പരിശോധനയിലും ഹാജരാകാതിരുന്ന 12 വിദ്യാർത്ഥികളിൽ ചില വിദ്യാർത്ഥികൾ ഇപ്പോൾ സ്കൂളിൽ തുടർന്ന് പഠിക്കുന്നുണ്ടെന്നാണ് സ്കൂൾ മാനേജർ അറിയിച്ചിട്ടുള്ളതിനാൽ രണ്ട് പ്രാവശ്യവും ഹാജരില്ലാത്ത ടി വിദ്യാർത്ഥികളുടെ കാര്യം സംബന്ധിച്ച് സർക്കാരിൽ നിന്നും അനുമതിയോടെ ഒരു പരിശോധന കൂടി നടത്തി തീരുമാനമെടുക്കാവുന്നതാണെന്നും കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ഓഫീസർ നിർദ്ദേശിച്ചിട്ടുള്ളതിനാൽ ഇക്കാര്യത്തിലും തീരുമാനം എടുക്കേണ്ടതുണ്ട്.

ആറാമത്തെ പ്രവൃത്തിദിവസത്തിനു മുമ്പേയുള്ള വിട്ടുതലുകൾ അതത് വിദ്യാഭ്യാസ ഓഫീസർമാരേയും പൊതു വിദ്യാഭ്യാസ ഡയറക്ടർമാരേയും അറിയിക്കണമെന്നും ഇത്തരത്തിലുള്ള വിട്ടുതൽ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ക്രമപ്രകാരമല്ലാത്ത വിട്ടുതലുകളാണെങ്കിൽ കെ.ഇ. ആർ അധ്യായം 23 റൂൾ 15 അനുസരിച്ച് വിദ്യാഭ്യാസ ഓഫീസർമാർ തസ്തിക പുനർ നിർണ്ണയം നടത്തി അനധികൃതമായി അനുവദിച്ച തസ്തികകൾ റദ്ദാക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16/6/18 തീയതിയിലെ എച്ച് (2) 21500/2018/ഡി.പി.ഐ. നമ്പർ സർക്കുലറിലൂടെ വിദ്യാഭ്യാസ ഓഫീസർക്കും പ്രധാനാദ്ധ്യാപകർക്കും നിർദ്ദശം നൽകിയിട്ടും ടി സ്കൂളിൽ ആറാമത്തെ പ്രവൃത്തിദിവസത്തിനു ശേഷമുള്ള വിട്ടുതലുകൾ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറെ സ്ക്കൂൾ പ്രധാനാദ്ധ്യാപകൻ

അറിയിച്ചിട്ടും ഇതു സംബന്ധിച്ച നടപടികളൊന്നും ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്വീകരിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ആയതിന്മേൽ അന്വേഷണം നടത്തി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതുണ്ട്.

ടി റിപ്പോർട്ടിലെ മറ്റൊരു ഗുരുതരമായ കണ്ടെത്തൽ മദ്രസ്സകളിലും ആരാധനാലയങ്ങളുടെ ഭാഗമായുള്ള സ്ക്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ പല എയ്ഡഡ് സ്കൂളുകളിലും റോളിൽ ഉൾപ്പെടുത്തി, എസ്.എസ്.എൽ.സി പരീക്ഷയിൽ പങ്കെടുപ്പിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ഈ വിദ്യാർത്ഥികൾ മദ്രസ്സകളിലും ആരാധനാലയങ്ങളോട് അനുബന്ധിച്ച സ്കൂളുകളിലും മാത്രമാണ് പഠിക്കുന്നതെന്നും ഇവർ എയ്ഡഡ് സ്കൂളുകളിൽ ഹാജരാകാതെ എസ്.എസ്.എൽ. സി പരീക്ഷയിൽ മാത്രമാണ് പങ്കെടുക്കുന്നതെന്നും , അധിക തസ്തികകൾക്ക് അർഹതയില്ലാത്ത സ്ക്കൂളുകളിൽ നിന്നോ മദ്രസ്സകളിൽ നിന്നോ രക്ഷിതാക്കളുടെയോ കുട്ടികളുടെയോ അറിവില്ലാതെ ആറാം പ്രവൃത്തിദിവസത്തിനു മുമ്പ് കുട്ടികളുടെ വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങുകയും അവരെ റോളിൽ ചേർത്ത് അനധികൃതമായി ഹാജർ നൽകിയ ശേഷം ആറാം പ്രവൃത്തി ദിവസത്തിനു ശേഷം പഴയ സ്കൂളിലേക്കു തന്നെ ടി സി നൽകിക്കൊണ്ട് പല സ്കൂളുകളിൽ കൃത്രിമം നടക്കുന്നുണ്ടെന്നുമാണ്.

4. മേൽ സാഹര്യത്തിൽ ചുവടെ ചേർക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച് പാലക്കാട് ചുനങ്ങാട് എ.വി.എം ഹയർ സെക്കന്ററി സ്കൂൾ മാനേജർ സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(a) സൂപ്പർ ചെക്ക് സെല്ലിന്റെ 2 പരിശോധനയിലും ഹാജരാകാതിരുന്ന 12 വിദ്യാർത്ഥികളിൽ ചില വിദ്യാർത്ഥികൾ ഇപ്പോൾ സ്കൂളിൽ തുടർന്ന് പഠിക്കുന്നുണ്ടെന്ന് സ്കൂൾ മാനേജർ അറിയിച്ചിട്ടുള്ളതിനാൽ രണ്ട് പ്രാവശ്യവും ഹാജരില്ലാത്ത ടി വിദ്യാർത്ഥികളുടെ കാര്യം സംബന്ധിച്ച് UID യുടെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധന നടത്തി ടി വിദ്യാർത്ഥികളിൽ എത്ര പേർ 2019-20 വർഷം മുതൽ തുടർന്നുള്ള വർഷങ്ങളിൽ ടി സ്കൂളിൽ പഠിച്ചിരുന്നു എന്ന് വ്യക്തമായ രേഖകളുടെ അടിസ്ഥാനത്തിൽ കണ്ടെത്തി പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്യാൻ കോഴിക്കോട് സൂപ്പർ ചെക്ക് സെൽ ഓഫീസർക്കും അപ്രകാരം കണ്ടെത്തുന്ന കുട്ടികളുടെ എണ്ണം കൂടി കണക്കാക്കി ടി സ്കൂളിലെ 2019-20 വർഷത്തെ തസ്തിക നിർണ്ണയം പുതുക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്കും നിർദ്ദേശം നൽകുന്നു.

(b) ടി സ്കൂളിൽ അനധികൃതമായി ഡിവിഷനുകളും തസ്തികകളും ഉണ്ടാക്കാൻ കൃത്രിമ അഡ്മിഷൻ സൃഷ്ടിച്ച എന്ന കാര്യം ബോദ്ധ്യപ്പെട്ടതിനാൽ ആയതിന് സ്കൂൾ പ്രധാനാദ്ധ്യാപകനും ക്ലാസ്സദ്ധ്യാപകരും മാത്രമല്ല ഉത്തരവാദികൾ ടി സ്ക്കൂൾ മാനേജരും ഉത്തരവാദിയാണ്. ആയതിനാൽ സൂപ്പർ ചെക്ക് സെല്ലിന്റെ 2 പരിശോധനയിലും ഹാജരാകാതിരുന്ന 12 വിദ്യാർത്ഥികളുടെ കാര്യത്തിൽ മുൻ ഖണ്ഡിക (a) യിലെ നിർദ്ദേശ പ്രകാരം വ്യക്തത വരുത്തിയ ശേഷമുള്ള അനധികൃത ഡിവിഷനിൽ നിയമനം നേടിയ അദ്ധ്യാപകരുടെ ശമ്പളം മറ്റ് അലവൻസുകൾ, കൃത്രിമ അഡ്മിഷൻ മുഖാന്തരം ചേർത്ത കുട്ടികളുടെ ഉച്ചഭക്ഷണപരിപാടി, സൗജന്യ അരി, യൂണിഫോം, ടെക്സ്റ്റ് ബുക്ക്, സ്കോളർഷിപ്പ് തുടങ്ങിയ ഇനങ്ങളിൽ സമർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം എന്നിവ കണക്കാക്കി ടി പ്രധാനാധ്യാപിക, അധിക ഡിവിഷനിൽ നിയമനം കിട്ടിയ അദ്ധ്യാപകർ, സ്കൂൾ മാനേജർ എന്നിവരുടെ തുല്യ ബാധ്യതയായി

നിശ്ചയിച്ച് ടിയാളുകൾക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ച് തിരിച്ച് പിടിയ്ക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(c) ആറാമത്തെ പ്രവൃത്തിദിവസത്തിനു മുമ്പേയുള്ള വിടുതലുകൾ അതത് വിദ്യാഭ്യാസ ഓഫീസർമാരേയും പൊതു വിദ്യാഭ്യാസ ഡയറക്ടർമാരേയും അറിയിക്കണമെന്നും ഇത്തരത്തിലുള്ള വിടുതൽ വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ക്രമപ്രകാരമല്ലാത്ത വിടുതലുകളാണെങ്കിൽ കെ.ഇ. ആർ അധ്യായം 23 റൂൾ 15 അനുസരിച്ച് വിദ്യാഭ്യാസ ഓഫീസർമാർ തസ്തിക പുനർ നിർണ്ണയം നടത്തി അനധികൃതമായി അനുവദിച്ച തസ്തികകൾ റദ്ദാക്കണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടരുടെ 16/6/18 തീയതിയിലെ എച്ച് (2) 21500/2018/ഡി.പി.ഐ. നമ്പർ സർക്കുലറിലൂടെ വിദ്യാഭ്യാസ ഓഫീസർക്കും പ്രധാനാദ്ധ്യാപകർക്കും നിർദ്ദശം നൽകിയിട്ടും ടി സ്കൂളിൽ ആറാമത്തെ പ്രവൃത്തിദിവസത്തിനു ശേഷമുള്ള വിടുതലുകൾ ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറെ സ്ക്കൂൾ പ്രധാനാദ്ധ്യാപകൻ അറിയിച്ചിട്ടും ഇതു സംബന്ധിച്ച നടപടികളൊന്നും ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്വീകരിച്ചിട്ടില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ ആയതിന്മേൽ വിശദമായ അന്വേഷണം നടത്തി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടി സ്വീകരിക്കാൻ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(d) അധിക തസ്തികകൾക്ക് അർഹതയില്ലാത്ത സ്കൂളുകളിൽ നിന്നോ മദ്രസ്സകളിൽ നിന്നോ രക്ഷിതാക്കളുടെയോ കുട്ടികളുടെയോ അറിവില്ലാതെ ആറാം പ്രവൃത്തിദിവസത്തിനു മുമ്പ് കുട്ടികളുടെ വിടുതൽ സർട്ടിഫിക്കറ്റ് വാങ്ങുകയും അവരെ റോളിൽ ചേർത്ത് അനധികൃതമായി ഹാജർ നൽകിയ ശേഷം ആറാം പ്രവൃത്തി ദിവസത്തിനു ശേഷം പഴയ സ്കൂളിലേക്കു തന്നെ ടി സി നൽകിക്കൊണ്ട് കൃത്രിമം നടത്തി അധിക തസ്തികകൾ നേടിയെടുത്ത് സർക്കാർ ഖജനാവിന് നഷ്ടം ഉണ്ടാക്കുന്ന സംഭവങ്ങൾ നടക്കുന്നതിനാൽ ഉത്തരം കാര്യങ്ങളിൽ തസ്തിക നിർണ്ണയ സമയത്ത് അതീവ ജാഗ്രത കാണിക്കാൻ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകാനും 2019-20 തസ്തിക നിർണ്ണയത്തിന്റെ മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിച്ച പൊതുവിദ്യാഭ്യാസ ഡയറക്ടരുടെ 16/6/18 തീയതിയിലെ എച്ച് (2) 21500/2018/ഡി.പി.ഐ. നമ്പർ സർക്കുലറിലെ ഖണ്ഡിക 11 ൽ പറഞ്ഞിരിക്കുന്ന നിർദ്ദേശങ്ങൾ എല്ലാ തസ്തിക നിർണ്ണയത്തിനും ബാധകമാക്കി പൊതു ഉത്തരവ് പുറപ്പെടുവിയ്ക്കാനും ടി നിർദ്ദേശങ്ങളിൽ വീഴ്ച വരുത്തുന്ന ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ, പ്രഥമാദ്ധ്യാപകർ, മാനേജർമാർ എന്നിവർക്കെതിരെ ടി സർക്കുലറിൽ പറഞ്ഞിരിക്കുന്ന പ്രകാരം കർശന നടപടി സ്വീകരിയ്ക്കാനും നിർദ്ദേശിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRIYA V K
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
സൂപ്പർ ചെക്ക് ഓഫീസർ, സൂപ്പർ ചെക്ക് സെൽ ,
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് ജില്ല.

മാനേജർ, എ.വി.എം ഹയർ സെക്കന്ററി സ്കൂൾ, ചുനങ്ങാട്, പാലക്കാട്.

പ്രഥമാദ്ധ്യാപിക, എ.വി.എം ഹയർ സെക്കന്ററി സ്കൂൾ,

ചുനങ്ങാട്, പാലക്കാട്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്

(സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**

**Date: 05-03-2022 16:30:20**

സെക്ഷൻ ഓഫീസർ